നഴ്സുമാർക്ക് നൽകുന്ന വേതനം പാലിയേറ്റീവ് നഴ്സുമാർക്കും നൽകണം: ഉമ്മൻചാണ്ടി

കോഴിക്കോട്: നഴ്സുമാർക്ക് നൽകുന്ന വേതനം പാലിയേറ്റീവ് നഴ്സുമാർക്കും നൽകണമെന്ന് മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി. കേരള പഞ്ചായത്ത് പാലിയേറ്റീവ് നഴ്സസ് അസോസിയേഷൻ നാലാം സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്ന അദ്ദേഹം. ചർച്ചയിൽ ലിസിക്കുട്ടി, മോളി ഷാജി, സി.പി. ശ്രീദേവി എന്നിവർ സംസാരിച്ചു.

നടിക്കെതിരായ പരാമർശം: പി.സി. ജോർജിനെതിരെ കേസെടുക്കും

തിരുവനന്തപുരം: ആക്രമണത്തിനിരയായ നടിക്കെതിരെ അപകീർത്തികരമായ അഭിപ്രായപ്രകടനങ്ങൾ നടത്തിയ പി. സി. ജോർജ് എം. എൽ. എക്കെതിരെ വനിതാ കമ്മിഷൻ കേസെടുക്കും. ചെയർപെഴ്സൺ എം.സി. ജോസഫൈൻ ഇതുസംബന്ധിച്ച നിർദേശം ഡയറക്ടർക്ക് നൽകി. സ്വമേധയാ കേസ് രജിസ്റ്റർ ചെയ്യുന്നതിനും നിയമസഭാ സ്പീക്കറുടെ അനുമതിയോടെ എം.എൽ.എയുടെ മൊഴി രേഖപ്പെടുത്തുന്നതിനും കമ്മിഷന്റെ അന്വേഷണ ഉദ്യോഗസ്ഥനായ ഡയറക്ടർ വി.യു. കുര്യാക്കോസിനാണ് നിർദ്ദേശം നൽകിയത്.

വാർത്താസമ്മേളനത്തിലും ചാനൽ ചർച്ചകളിലും അഭിമുഖങ്ങളിലും എം.എൽ.എ പ്രകടിപ്പിച്ച അഭിപ്രായങ്ങൾ സ്ത്രീത്വത്തിന് പരിക്കേല്പിക്കുന്നതാണെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ വനിതാ കമ്മിഷൻ നിയമോപദേശം തേടിയിരുന്നു. പി.സി. ജോർജിനെതിരെ കേസെടുക്കാമെന്നും പ്രോസിക്യൂഷൻ നടപടികളിലേക്ക് കടക്കാമെന്ന് വനിതാ കമ്മിഷൻ ലാ ഓഫീസറും സ്റ്റാൻഡിംഗ് കോൺസലും നിയമോപദേശം നൽകി.

പരാതിയില്ലെങ്കിലും വനിതാ കമ്മിഷൻ ആക്ട് പ്രകാരം വനിതകൾക്കു നേരെയുള്ള ഏതുതരം അതിക്രമങ്ങൾക്കും സ്വമേധയാ കേസെടുക്കാൻ വനിതാ കമ്മിഷന് കഴിയും.

സൗകര്യമുള്ളപ്പോൾ ഹാജരാകുമെന്ന് പി.സി. ജോർജ്

തിരുവനന്തപുരം: ആക്രമിക്കപ്പെട്ട യുവനടിക്കെതിരെ അപകീർത്തികരമായ പരാമർശം നടത്തിയതിന് കേസെടുത്താൽ സൗകര്യമുള്ളപ്പോൾ വനിതാ കമ്മിഷന് മുന്നിൽ ഹാജരാകുമെന്ന് പി.സി.ജോർജ് പറഞ്ഞു. കമ്മീഷന് തൂക്കിക്കൊല്ലാൻ വിധിക്കാനാവില്ലല്ലോയെന്നും പി.സി.ജോർജ് പറഞ്ഞു.

ബി.ജെ.പി യാത്രയിൽ അമിത് ഷായും മുഖ്യമന്ത്രിമാരും

തിരുവനന്തപുരം: ബി. ജെ. പി പ്രവർത്തകർക്ക് നേരെ സി.പി.എം നടത്തുന്ന അക്രമത്തിനെതിരെ ബി.ജെ.പി റോഡ് യാത്ര നടത്തും. സെപ്റ്റംബർ 9 മുതൽ 20 ദിവസമായിരിക്കും യാത്ര. ബി.ജെ.പി അദ്ധ്യക്ഷൻ അമിത് ഷായും ചില മുഖ്യമന്ത്രിമാരും യാത്രയിൽ പങ്കെടുക്കും. അമിത് ഷാ മൂന്നുദിവസം യാത്രയിൽ ഉണ്ടാവും. ചില സ്ഥലങ്ങളിൽ വാഹന യാത്രയും മറ്റിടങ്ങളിൽ പദയാത്രയുമായിരിക്കും. പല സ്ഥലങ്ങളിലായി ഒരു ദിവസം 8 എട്ടുമുതൽ 15 കിലോ മീറ്റർ വരെമാത്രമാകും യാത്ര.

മന്ത്രി തിലോത്തമന് എതിരെ എ.ഐ.ടി.യു.സി

തിരുവനന്തപുരം: ഭക്ഷ്യവകുപ്പ് മന്ത്രി പി.തിലോത്തമന്റെ നയങ്ങളെ വിമർശിച്ചുകൊണ്ട് എ.ഐ.ടി.യു.സിയുടെ നേതൃത്വത്തിലുള്ള കേരള സംസ്ഥാന അംഗീകൃത റേഷൻ ചില്ലറ വിതരണ തൊഴിലാളി യൂണിയൻ സമരത്തിനൊരുങ്ങുന്നു. സർക്കാർ പ്രഖ്യാപിച്ച വേതന പാക്കേജ് ഉടൻ നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് 18ന് റേഷൻ കടകളടച്ചിട്ട് സെക്രട്ടേറിയറ്റ് മാർച്ച് നടത്താൻ യൂണിയൻ തീരുമാനിച്ചു. മാർച്ച് എ.ഐ.ടി.യു. സി സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി.രാജേന്ദ്രൻ ഉദ്ഘാടനം ചെയ്യും. മീനാങ്കൽ കുമാർ അദ്ധ്യക്ഷനായിരിക്കും.

പ്രീ-പ്രൈമറി അദ്ധ്യാപകരുടെ വേതനം പരിഷ്കരിക്കും

തിരുവനന്തപുരം: പ്രീ-പ്രൈമറി ടീച്ചർമാരുടെയും ജീവനക്കാരുടെയും സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി സി.രവീന്ദ്രനാഥ് പറഞ്ഞു. പ്രീ-പ്രൈമറി ടീച്ചേഴ്സ് അസോസിയേഷൻ സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്ന അദ്ദേഹം. പുതിയ ഭാരവാഹികളായി വി. ശിവൻകുട്ടി (പ്രസിഡന്റ്), എ.ജെ. സുകാർണോ, കെ. വി. ആശ, സുമണി, പ്രേമലത (വൈസ് പ്രസിഡന്റുമാർ) എം. ഹേമലത(ജനറൽസെക്രട്ടറി), ഉമാദാസ്, ഷൈലജ ബീഗം(സെക്രട്ടറിമാർ) എൻ. വിജയകുമാർ(ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

വൈകല്യമുള്ളവരുടെ മെഡിക്കൽ പരിശോധന

തിരുവനന്തപുരം: ബി.എസ്സിനഴ്സിംഗ്,പാരാമെഡിക്കൽകോഴ്സുകളിൽ അപേക്ഷിച്ചിട്ടുള്ള വൈകല്യമുള്ള കുട്ടികളുടെ മെഡിക്കൽ പരിശോധന ആഗസ്റ്റ് 18ന് രാവിലെ 9ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് വളപ്പിലെ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ നടത്തും. തപാലിൽ മെമ്മോ ലഭിക്കാത്തവരും പരിശോധയ്ക്കെത്തണം. യോഗ്യതാ പരീക്ഷയുടെ മാർക്ക്, ശാരീരിക വൈകല്യം സംബന്ധിച്ച മെഡിക്കൽ റിപ്പോർട്ടുകൾ എന്നിവ സഹിതം ഹാജരാകണം. കേൾവി തകരാറുകൾ ഉള്ളവർ ആഡിയോഗ്രാം റിപ്പോർട്ട് ഹാജരാക്കണമെന്ന് എൻട്രൻസ് കമ്മിഷണർ അറിയിച്ചു.

ഒന്നും ചെയ്യാതെ സർക്കാർ

വിപണിയിൽ ഓണക്കൊള്ള; വിലക്കയറ്റം ആസൂത്രിതം

കോവളം സതീഷ്കുമാർ

തിരുവനന്തപുരം: ഓണസദ്യയ്ക്ക് ഇത്തവണ ചെലവേറും. ഓണം മുന്നിൽ കണ്ട് സകല സാധനങ്ങൾക്കും വിപണി നിയന്ത്രിക്കുന്ന ശക്തികൾ വില കയറ്റിത്തുടങ്ങി.

അരിക്കും പച്ചക്കറിക്കും പഴത്തിനും പലവ്യഞ്ജനത്തിനുമെല്ലാം വില കുതിക്കുകയാണ്. ദക്ഷിണേന്ത്യയിൽ മിതമായ മഴ ലഭിച്ചതിനാൽ ഉദ്പാദനം വർദ്ധിച്ചിരുന്നു. അതുകൊണ്ടുതന്നെ പച്ചക്കറിക്കും പലവ്യഞ്ജനത്തിനും വില കുറയേണ്ടതാണ്. എന്നാൽ കടകവിരുദ്ധമായി സംസ്ഥാനത്തേക്ക് കയറ്റി അയയ്ക്കുന്ന എല്ലാറ്റിനും വില വർദ്ധിപ്പിക്കുകയാണ് വ്യാപാരികൾ. സർക്കാരാകട്ടെ, വിലക്കയറ്റം നിയന്ത്രിക്കാൻ ഒന്നും ചെയ്യുന്നുമില്ല.

കഴിഞ്ഞ മാസം കിലോഗ്രാമിന് 15 മുതൽ 17 രൂപ വരെയായിരുന്ന സവാളയുടെ വില ഒറ്റക്കുതിപ്പിന് 42 രൂപയിലെത്തി. ചെറിയ ഉള്ളിയുടെ വില നൂറിൽ നിന്ന് കുറഞ്ഞിട്ടില്ല. അരിക്ക് 35% വരെ വില കൂടി. ഓണം വാഴക്കൃഷി മോശമായതിനെ തുടർന്ന് തമിഴ്നാട്ടിൽ നിന്ന് വരുന്ന വാഴപ്പഴങ്ങൾക്കെല്ലാം വില കൂട്ടി. 50 മുതൽ 55 രൂപ വരെയായിരുന്ന ഏത്തന് ഇപ്പോൾ 65-70 രൂപയാണ്. ഓണം ആകുമ്പോഴേക്കും 75 കടക്കുമെന്നാണ് സൂചന. രസകദളിയുടെ വില 65ൽ നിന്ന് 85ലെത്തി. പാളയംതോടൻ 40ൽ നിന്ന് 50 ആയി.

കഴിഞ്ഞ ഓണത്തിനും ഏത്തന് 70 രൂപയായിരുന്നു. അന്ന് ഉപ്പേരിക്കും, ചിപ്സിനും വില 300 മുതൽ 340 വരെയായിരുന്നു. ഉപ്പേരിക്കും ചിപ്സിനും ഇപ്പോൾ തന്നെ വില 350- 380 ആയി. ഓണമാകുമ്പോൾ 400 വരെ ഉയരും. എത്ര വില കൂട്ടിയാലും ഓണത്തിന് വിറ്റുപോകുമെന്ന ധാരണയാണ് ആസൂത്രിതമായ വിലക്കയറ്റത്തിന പിന്നിൽ.

ജി.എസ്.ടി വന്നപ്പോൾ നികുതിയിൽ നിന്നൊഴിവാക്കിയ പയർ വർഗങ്ങൾക്കുപോലും വില കുറഞ്ഞില്ല. പഞ്ചസാരയുടെ വില്പന നികുതി 10% ആയിരുന്നത് ജി.എസ്.ടിയിൽ 5% ആയി. എന്നിട്ടും വില കുറഞ്ഞില്ല. -- 41 രൂപ 44 ആയി. ഓണത്തിന് ഡിമാൻഡ് കൂടുന്ന ശർക്കരയ്ക്ക് 10 രൂപ കൂടി. കഴിഞ്ഞ ഓണത്തിന് 50 രൂപയായിരുന്നത് 60 ആയി.

വില വർദ്ധനയുടെ റോക്കറ്റ് വേഗം

KAUMUDI SPECIAL

നാട്ടിൽ ഉത്പാദനം കുറഞ്ഞു

സംസ്ഥാനത്ത് പച്ചക്കറി ഉദ്പാദനം കുറഞ്ഞതാണ് വരവ് പച്ചക്കറിയുടെ വില കൂടാൻ കാരണം. കഴിഞ്ഞ ഓണത്തിന് മുമ്പ് പച്ചക്കറി ഉത്പാദനം കൂടിയതിനാൽ വില കാര്യമായി കൂടിയില്ല.

അരി	കഴിഞ്ഞവർഷം	ഇപ്പോൾ
മട്ട	35.32 രൂപ	43.61
റോസരി	35.21	42.81
ചമ്പാവ്	34.00	41.50
ആന്ധ്രവെള്ള	31.92	38.32
ചമ്പാവ് വെള്ള	31.00	42.00
പാലക്കാടൻ ജയ	32.60	40.25



പച്ചക്കറി	കഴിഞ്ഞ വർഷം	ഇപ്പോൾ
വഴുതന	30.36 രൂപ	39.14രൂപ
വെണ്ട	24.93	44.16
ബീൻസ്	36.64	56.36
അമരയ്ക്ക	30.85	43.69
വള്ളിപ്പയർ	44.29	57.43
അച്ചിങ്ങപ്പയർ	31.78	46.89
പാവയ്ക്ക	43.21	52.29
പടവലം	28.50	42.43

ദിലീപിനുള്ള മറുപടി കോടതിയിൽ: ഡി.ജി.പി

തിരുവനന്തപുരം: കൊച്ചിയിൽ നടിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ച കേസിൽ പ്രതി നടൻ ദിലീപും പൊലീസും പറയുന്നത് ശരിയാണെന്ന് ഡി.ജി.പി ലോക്നാഥ് ബെഹ്റ. ആരു പറയുന്നതാണ് കൂടുതൽ ശരിയെന്ന് ഇപ്പോൾ പറയാനാവില്ല. കേസ് കോടതിയുടെ പരിഗണനയിലായതിനാൽ അത് കോടതിയലക്ഷ്യമായി മാറും. പൊലീസിനെതിരായ ദിലീപിന്റെ ആക്ഷേപങ്ങൾക്ക് കോടതിയിൽ മറുപടി നൽകും.

പൾസർ സുനി തനിക്ക് ഭീഷണിക്കത്ത് അയച്ചെന്നും ഫോണിൽ വിളിച്ച് ഭീഷണിപ്പെടുത്തിയെന്നുമുള്ള ദിലീപിന്റെ പരാതി ലഭിച്ചിരുന്നു. ഇക്കാര്യം വാട്സ്ആപ്പിലൂടെയും ഫോണിലൂടെയും ഡി.ജി.പിയെ അറിയിച്ചെന്നും രണ്ടുദിവസത്തിനകം രേഖാമൂലം പരാതി നൽകിയെന്നുമാണ് ദിലീപ് ഹൈക്കോടതിയിൽ നൽകിയ ജാമ്യഹർജിയിൽ ചൂണ്ടിക്കാട്ടിയത്. എന്നാൽ 20ദിവസം കഴിഞ്ഞാണ് പരാതിപ്പെട്ടതെന്നാണ് പൊലീസിന്റെ വാദം. ദിലീപിന്റെ പരാതി എപ്പോഴാണ് ലഭിച്ചതെന്നും അതിന്മേൽ എന്ത് നടപടിയെടുത്തെന്നും കോടതിയിൽ അറിയിക്കുമെന്ന് ബെഹ്റ പറഞ്ഞു.

പരാതി ലഭിക്കും മുൻപേ നടിയെ തട്ടിക്കൊണ്ടുപോയ കേസിൽ ദിലീപ് സംശയനിഴലിലായിരുന്നു. അങ്ങനെയുള്ളയാളിൽ നിന്ന് പരാതി കിട്ടിയാൽ പല കാര്യങ്ങളും പൊലീസിന് അന്വേഷിക്കേണ്ടി വരും. സംശയം തോന്നിയ കാര്യങ്ങളിൽ കൂടുതൽ അന്വേഷണം നടത്തിയിട്ടുണ്ടെന്നും നേരത്തേ ബെഹ്റ വ്യക്തമാക്കിയിരുന്നു.

വ്യവസായ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയെ മാറ്റി

തിരുവനന്തപുരം: വ്യവസായി മന്ത്രി എ.സി. മൊയ്തീന്റെ പ്രൈവറ്റ് സെക്രട്ടറിയായി ധനകാര്യ വകുപ്പ് മുൻസ്പെഷ്യൽ സെക്രട്ടറി ഇ.കെ. പ്രകാശിനെ നിയമിക്കാൻ തീരുമാനം. നിലവിലെ പ്രൈവറ്റ് സെക്രട്ടറിയും സെക്രട്ടേറിയറ്റിലെ മുൻ അഡീഷണൽ സെക്രട്ടറിയുമായ കെ. രാജാറാം തമ്പി മറ്റൊരു തസ്തികയിൽ മന്ത്രിയുടെ സ്റ്റാഫിൽ തുടരും. സി.പി.എമ്മിലെ ചില കേന്ദ്രങ്ങളിൽ നിന്നുള്ള സമ്മർദ്ദത്തെതുടർന്നാണ് തീരുമാനം. പുതിയ മാറ്റത്തോട് മന്ത്രി മൊയ്തീന് അത്ര താത്പര്യമില്ലായിരുന്നെന്ന് അറിയുന്നു.

എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ സീൽ



GOVERNMENT OF KERALA
GENERAL EDUCATION DEPARTMENT
SECONDARY SCHOOL LEAVING CERTIFICATE

സ്കൂളിന് പകരം സ്കൂൾ കോ-ഓപറേറ്റീവ് സൊസൈറ്റിയുടെ സീൽ പതിക്കപ്പെട്ട എസ്.എസ്.എൽ.സി ബുക്ക്

മലപ്പുറം: എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ സ്കൂളിന്റെ സീലിന് പകരം കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ സീൽ പതിച്ചത് വിദ്യാർത്ഥികളെ ആശങ്കയിലാക്കി.

എടവണ്ണപ്പാറ ചാലിയപ്രം ഗവൺമെന്റ് ഹൈസ്കൂളിലെ 50 കുട്ടികളുടെ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിലാണ് പുസ്തകവിൽപ്പനയുമായി ബന്ധപ്പെട്ട് സ്കൂളിന് സമീപത്ത് പ്രവർത്തിക്കുന്ന കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ സീൽ മാറി പതിച്ചത്. ചാലിയപ്രം ജി.യു.പി സ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സീലാണ് സർട്ടിഫിക്കറ്റുകളിലുള്ളത്. ആർ.എം.എസ്.എ പ്രകാരം യു.പി സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തിയ ശേഷമുള്ള ആദ്യ ബാച്ചിന്റെ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിലാണ് ഈ അബദ്ധം.

സഹകരണസംഘത്തിന്റെ സീൽ എങ്ങിനെയാണ് എസ്.എസ്.എൽ.സി ബുക്കിൽ പതിച്ചതെന്ന് വ്യക്തമായിട്ടില്ല. പ്രധാനാദ്ധ്യാപികയ്ക്ക് സംഭവിച്ച പിഴവാകാമെന്നാണ് നിഗമനം. തെറ്റായ സീലുള്ള സർട്ടിഫിക്കറ്റുമായി ഉപരിപഠനത്തിന് അപേക്ഷിച്ച വിദ്യാർത്ഥികൾ ആശങ്കയിലാണ്. രക്ഷിതാക്കളും വിദ്യാർത്ഥികളും സ്കൂളിലെത്തി ബഹളം വച്ചതോടെ സർട്ടിഫിക്കറ്റിന്റെ ഡ്യൂപ്ലിക്കേറ്റിന് അപേക്ഷിക്കാനുള്ള ചെലവ് വഹിക്കാമെന്ന് സ്കൂൾമാനേജ്മെന്റ് സമ്മതിച്ചു. 45 വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് മാറ്റി നൽകാൻ നടപടി ആരംഭിച്ചതായും അഞ്ചുപേർ എത്തിയിട്ടില്ലെന്നും സ്കൂൾ അധികൃതർ പറഞ്ഞു. സ്കൂൾ അധികൃതർക്കെതിരെ നടപടി എടുക്കണമെന്ന് രക്ഷിതാക്കൾ ആവശ്യപ്പെട്ടു. ഇത്തവണ എസ്.എസ്.എൽ.സിയിൽ നൂറ് ശതമാനമായിരുന്നു സ്കൂളിന്റെ വിജയം.



കോ-ഓപറേറ്റീവ് സൊസൈറ്റിയുടെ സീൽ

മെഡിക്കൽ കോളേജ് കോഴ

അമിത് ഷായ്ക്ക് നൽകിയത് തിരുത്തിയ റിപ്പോർട്ട്

തിരുവനന്തപുരം: മെഡിക്കൽ കോളേജ്കോഴ ആരോപണത്തിൽ ബി.ജെ.പി സംസ്ഥാന നേതാക്കൾ കഴിഞ്ഞ ദിവസം ഡൽഹിയിൽ പാർട്ടി അദ്ധ്യക്ഷൻ അമിത്ഷായ്ക്ക് നൽകിയത് തിരുത്തിയ അന്വേഷണ റിപ്പോർട്ടെന്ന് സൂചന.

മാദ്ധ്യമങ്ങളിൽ വന്ന അന്വേഷണ റിപ്പോർട്ടിൽ നിന്ന് വിവാദമുളവാക്കുന്ന പരാമർശങ്ങൾ ഒഴിവാക്കിയശേഷം പുതിയ റിപ്പോർട്ടുണ്ടാക്കി വിവർത്തനം ചെയ്ത് നൽകുകയായിരുന്നവത്രെ. അതേസമയം മാദ്ധ്യമങ്ങളിൽ വന്ന റിപ്പോർട്ടിന്റെ ഇംഗ്ലീഷ് വിവർത്തനം പ്രധാനമന്ത്രിക്കും പാർട്ടി അദ്ധ്യക്ഷനും നേരത്തേ എത്തിച്ചിരുന്നു. ഈ റിപ്പോർട്ട് വ്യാജമായിരുന്നുവെന്ന വാദമാണ് പാർട്ടി കേന്ദ്രങ്ങൾ ഇപ്പോൾ ഉയർത്തുന്നത്.

സംസ്ഥാനപ്രസിഡന്റ് കുമ്മനം രാജശേഖരന്റെ കൂട്ടാളികളെക്കുറിച്ചും ഹവാല ഇടപാടുകളെക്കുറിച്ചുമുള്ള പരാമർശങ്ങളും ഇതിൽ നിന്നൊഴിവാക്കിയിട്ടുണ്ട്. ഇതോടെ പരാതിക്കാരനായ ആർ. ഷാജി ഇപ്പോൾ അവകാശപ്പെടുന്നതുപോലെയുള്ള കൺസൾട്ടൻസി തർക്കമാക്കി മാറ്റാനുള്ള ശ്രമമാണ് നടക്കുന്നത്. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച വിജിലൻസ് അന്വേഷണ സംഘത്തിന് മുമ്പാകെ പാർട്ടി കമ്മിഷൻ അംഗങ്ങളായ കെ.പി. ശ്രീശനും എ.കെ. നസീറും പുതിയ റിപ്പോർട്ടായിരിക്കും നൽകുകയെന്നാണ് ബി.ജെ.പി കേന്ദ്രങ്ങൾ പറയുന്നത്.

അതേസമയം മെഡിക്കൽ കോളേജ് കോഴ പൊട്ടിപ്പുറപ്പെട്ട സമയത്ത് ചാനലുകളിൽ പ്രത്യക്ഷപ്പെട്ട കമ്മിഷൻ അംഗം എ.കെ. നസീർ അത് തങ്ങളുടെ റിപ്പോർട്ട് തന്നെയാണെന്ന സൂചനയാണ് നൽകിയിരുന്നത്. ഈ റിപ്പോർട്ടിന് ആധാരമായ തെളിവുകളും തന്റെ കൈവശമുണ്ടെന്ന് നസീർ പറഞ്ഞിരുന്നു.

നേതൃയോഗം സംഘർഷ ഭരിതമാകും

കമ്മിഷൻ റിപ്പോർട്ട് ചോർച്ചയുടെ പേരിൽ സംസ്ഥാന സെക്രട്ടറി വി.വി. രാജേഷിനെയും യുവമോർച്ച സംസ്ഥാന ജനറൽ സെക്രട്ടറി പ്രഫുൽ കൃഷ്ണയെയും ചുമതലയിൽ നിന്ന് നീക്കിയ സാഹചര്യത്തിൽ നാളെ തൃശ്ശൂരിൽ ചേരുന്ന ബി.ജെ.പി സംസ്ഥാന നേതൃയോഗം സംഘർഷ ഭരിതമാകും.

സംസ്ഥാന ഭാരവാഹികൾക്ക് പുറമേ ജില്ലാ പ്രസിഡന്റ്, ജനറൽ സെക്രട്ടറിമാർ, മോർച്ച സംസ്ഥാന പ്രസിഡന്റ്, ജനറൽ സെക്രട്ടറിമാർ എന്നിവരെയും യോഗത്തിലേക്ക് വിളിച്ചിട്ടുണ്ട്. തെളിവില്ലാതെയും വിശദീകരണം ചോദിക്കാതെയും രണ്ട് നേതാക്കൾക്കെതിരെ നടപടിയെടുത്തതിനെ വി. മുരളീധരൻ അനുകൂലികൾ യോഗത്തിൽ ചോദ്യം ചെയ്യുമെന്ന സൂചനയുണ്ട്.

കെ.പി.എം.എസ് സംസ്ഥാന സമ്മേളനം തൃശ്ശൂർ തെക്കേഗോപുരനടയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു. പി.കെ രാജൻ, പി. ജനാർദനൻ, പുന്നല ശ്രീകുമാർ, കൊടിക്കുന്നിൽ സുരേഷ് എം.പി തുടങ്ങിയവർ സമീപം

വർഗീയ ശക്തികൾക്കെതിരെ ജാഗ്രത പുലർത്തണം: മുഖ്യമന്ത്രി

തൃശ്ശൂർ: വികസനപ്രവർത്തനങ്ങളെ വർഗീയത കൊണ്ട് മറച്ചുപിടിക്കുന്ന ശക്തികൾക്കെതിരെ ജാഗ്രത പുലർത്തണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കേരള പുലയർ മഹാസഭയുടെ 46-ാം സംസ്ഥാന സമ്മേളനം തൃശ്ശൂർ തേക്കിൻകാട് മൈതാനത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്ന മുഖ്യമന്ത്രി. വർഗീയത നാടിന്റെ വലിയ ആപത്തായി മാറി. മാനവികതയും മനുഷ്യത്വവും ഭീഷണി നേരിടുന്ന കാലമാണ്. ജാതിയുടെയും മതത്തിന്റെയും പേരിൽ രാജ്യത്ത് വേർതിരിവ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. കേരളം അതിൽ നിന്ന് മാറി നിൽക്കുന്നതിന് അടിത്തറയിട്ടത് ശ്രീനാരായണഗുരുവും അയ്യങ്കാളിയും നേതൃത്വം നൽകിയ നവോത്ഥാന പ്രസ്ഥാനങ്ങളാണ്. നവോത്ഥാന പ്രസ്ഥാനങ്ങൾ ഉണ്ടായിരുന്ന സംസ്ഥാനങ്ങളിൽ കടുത്ത ജാതിവിവേചനവും മതവിദ്വേഷവും ഇപ്പോഴുമുണ്ട്.

ഇതിൽ നിന്ന് കേരളത്തെ വേറിട്ടു നിറുത്തിയത് നവോത്ഥാന പ്രസ്ഥാനങ്ങളുടെ പാതയിൽ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ നടത്തിയ ശക്തമായ തുടർപ്രവർത്തനങ്ങളാണ്. രാജ്യം പല തരത്തിലുള്ള പ്രശ്നങ്ങൾ നേരിടുകയാണ്. ജാതിവെറിയും മതസ്പർദ്ധയും വർദ്ധിച്ച് ഇരുണ്ടകാലം വന്നിരിക്കുന്നു. ഇതിനെയെല്ലാം അതിജീവിക്കാൻ കേരളത്തിന് കരുത്ത് ലഭിച്ചത് എണ്ണമറ്റ പോരാട്ടങ്ങളുടെ ജ്വലിക്കുന്ന ഓർമകളാണ്.

പട്ടികജാതി പട്ടികവർഗക്കാരുടെ ക്ഷേമത്തിനായി ഒട്ടേറെ പദ്ധതികൾ സർക്കാർ നടപ്പിലാക്കി. ഇതിനായി വിനിയോഗിച്ച പണമെല്ലാം തങ്ങളുടേത് തന്നെയാണെന്ന് കരുതിയാൽ മതി. തങ്ങൾക്ക് അവകാശപ്പെട്ടതാണ് ലഭിച്ചതെല്ലാം എന്നും മനസിലാക്കണം. ജനങ്ങളുടെ ക്ഷേമവും കരുതലും തന്നെയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും മുഖ്യമന്ത്രി പറഞ്ഞു.

കെ.പി.എം.എസ് രക്ഷാധികാരി പുന്നല ശ്രീകുമാർ അദ്ധ്യക്ഷനായി. പ്രസിഡന്റ് പി. ജനാർദ്ദനൻ ഉപഹാരവിതരണം നടത്തി. ജനറൽ സെക്രട്ടറി പി.കെ. രാജൻ സ്വാഗതവും സംഘാടകസമിതി ജനറൽ കൺവീനർ പി.എ. അജയഘോഷ് നന്ദിയും പറഞ്ഞു. തുടർന്ന് 150ൽപ്പരം കലാകാരൻമാർ പങ്കെടുത്ത സർഗോത്സവം അരങ്ങേറി. വൈകിട്ട് നാലരയ്ക്ക് ആരംഭിച്ച പ്രകടനത്തിന്റെ അവസാന നിര സമ്മേളന നഗരിയിലെത്തിയത് ഏഴരയോടെയായിരുന്നു.

സ്വാശ്രയ മെഡിക്കൽ പ്രവേശനം

കരാറൊപ്പിട്ട രണ്ട് കോളേജുകളിൽ ഫീസ് കൊള്ള

- ■ സാധാരണക്കാർ ഔട്ട്, കോടീശ്വരന്മാർ ഇൻ
- ■ പ്രവേശനത്തിന് 26ലക്ഷം കീശയിലും 1.32കോടി ബാങ്കിലും വേണം

എം.എച്ച്.വിഷ്ണു

തിരുവനന്തപുരം: കഴുത്തറുപ്പൻ വ്യവസ്ഥകളോടെ സർക്കാരുമായി കരാറൊപ്പിട്ട എം.ഇ.എസ്, കാരക്കോണം സ്വാശ്രയ കോളേജുകളിൽ സാധാരണക്കാരുടെ മക്കൾക്ക് മെഡിക്കൽ പഠനം അപ്രാപ്യമാക്കി ഫീസ് കൊള്ളയ്ക്ക് കളമൊരുങ്ങി. സർക്കാരിന്റെ അലോട്ട്മെന്റ് നേടിയാലും കോടീശ്വരന്മാർക്ക് മാത്രമേ ഈ കോളേജുകളിൽ പ്രവേശനം കിട്ടൂ.

പതിനൊന്നു ലക്ഷം വാർഷിക ഫീസുള്ള വിഭാഗത്തിൽ പ്രവേശനം കിട്ടുന്നവർ ഒരുവർഷത്തെ ട്യൂഷൻ ഫീസായ പതിനൊന്നുലക്ഷവും നാലുലക്ഷത്തിന്റെ ഡി.ഡിയും നിക്ഷേപമായി പതിനൊന്നുലക്ഷം രൂപയും നൽകണം. ശേഷിക്കുന്ന നാലുവർഷത്തെ ഫീസായ 44 ലക്ഷംരൂപയ്ക്കുള്ള ബാങ്ക്ഗാരന്റിയും നൽകണം.

ബാങ്കുകൾ ഗാരന്റി നൽകണമെങ്കിൽ മൂന്നിരട്ടി മൂല്യമുള്ള വസ്തുവകൾ ഈടുനൽകുകയോ അത്രയും തുക സ്ഥിരനിക്ഷേപം നടത്തുകയോ വേണം. അതായത്, 26ലക്ഷം രൂപ പണമായി കോളേജിൽ അടയ്ക്കാനും 1.32 കോടിയുടെ വസ്തുവകകളോ അത്രയും തുക സ്ഥിരനിക്ഷേപമോ ബാങ്കിൽ നൽകാനും ശേഷിയുള്ളവർക്കേ ഈ കോളേജുകളിൽ പ്രവേശനം നേടാനാവൂ.

കുട്ടികൾ പഠനം മതിയാക്കി പോവുന്നത് തടയാനാണ് നാലുവർഷത്തെ ഫീസിനുതുല്യമായ തുകയ്ക്കുള്ള ബാങ്ക്ഗാരന്റി നൽകുന്നതെന്നാണ് ആരോഗ്യമന്ത്രിയുടെ ഓഫീസിന്റെ വിശദീകരണം. നിക്ഷേപമായി നൽകുന്ന പതിനൊന്നുലക്ഷത്തിന് അഞ്ചുവർഷത്തേക്ക് പലിശ നൽകില്ല. എസ്.ബി.ഐയുടെ 6.25ശതമാനം നിരക്കിൽ ഒന്നരലക്ഷത്തോളം രൂപ പലിശ ലഭിക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച് മൂന്നോ നാലോ ദിവസത്തിനുള്ളിൽ പണമടച്ച് കോളേജുകളിൽ പ്രവേശനം നേടേണ്ടതുണ്ട്. ബാങ്ക്ഗാരന്റി സംഘടിപ്പിക്കാനാവാതെ സാധാരണക്കാർ പുറത്തായാൽ ഈ സീറ്റുകളിൽ മാനേജ്മെന്റുകൾക്ക് സ്വന്തമായി പ്രവേശനം നടത്താൻ അവസരമൊരുങ്ങും. ആഗസ്റ്റ് 31നകം മെഡിക്കൽ പ്രവേശനം പൂർത്തിയാക്കേണ്ടതിനാൽ ഒഴിവുള്ള സീറ്റുകൾ മാനേജ്മെന്റുകൾക്ക് കൈമാറുകയാണ് ചെയ്യുന്നത്.

85ശതമാനം സീറ്റുകളിൽ ജസ്റ്റിസ് രാജേന്ദ്രബാബു കമ്മിറ്റി അഞ്ച് ലക്ഷം ഫീസ് നിശ്ചയിച്ചത് വകവയ്ക്കാതെയാണ് കാരക്കോണം, എം.ഇ.എസ്, പരിയാരം കോളേജുകളുമായി സർക്കാർ കരാറൊപ്പിട്ടത്. കഴുത്തറുപ്പൻ വ്യവസ്ഥകൾ പരിയാരം വേണ്ടെന്നുവച്ചു. ബി.പി.എൽ വിഭാഗത്തിന്റെ 14ശതമാനം സീറ്റുകളിൽ 25,000 രൂപ ഫീസിന് പകരമായാണ് മറ്റു സീറ്റുകളിൽ 11 ലക്ഷം ഈടാക്കാൻ അനുവദിച്ചത്. പക്ഷേ, ഈ കോളേജുകളിലും ഹൈക്കോടതി അഞ്ചുലക്ഷം താത്കാലിക ഫീസ് നിശ്ചയിച്ചതോടെ 25,000രൂപ ഫീസുള്ളവരും അഞ്ച്ലക്ഷത്തിന്റെ ബാങ്ക് ഗാരന്റി നൽകേണ്ട സ്ഥിതിയാണ്. ചുരുങ്ങിയത് 15 ലക്ഷത്തിന്റെ ആസ്തി കാട്ടിയില്ലെങ്കിൽ ഗാരന്റി നൽകാനാവാതെ ബി.പി.എല്ലുകാർ പുറത്താവും. സർക്കാർ കണക്കിൽ ബി.പി.എൽ കുടുംബത്തിന്റെ വാർഷികവരുമാനം 25,000രൂപ മാത്രമാണ്.

■ ഫീസിൽ ആശങ്ക തുടരുന്നു

കരാറൊപ്പിടാത്ത കോളേജുകളിലെ 85 ശതമാനം സീറ്റിൽ 5ലക്ഷവും എൻ.ആർ.ഐയിൽ 20ലക്ഷവുമാണ് ഫീസ്. ഒപ്പിട്ടിടത്ത് 25,000മുതൽ 15ലക്ഷംവരെ നാലുതരം ഫീസാണ്. എല്ലാസീറ്റിലും നീറ്റ്മെരിറ്റ് പരിഗണിക്കുന്നതിനാൽ നാലുതരംഫീസ് നിലനിൽക്കില്ലെന്ന് ആശങ്കയുണ്ട്. ബി.പി.എല്ലുകാർക്ക് 25,000രൂപ ഫീസുറപ്പിക്കാൻ മറ്റുള്ളവരിൽനിന്ന് 11 ലക്ഷംവരെ വാങ്ങുന്നത് ക്രോസ് സബ്സിഡി തടഞ്ഞ സുപ്രീംകോടതി ഉത്തരവിന് വിരുദ്ധമാണ്.

> *കഴിഞ്ഞ വർഷം മാനേജ്മെന്റുകൾക്ക് 6.90കോടി ഫീസിനത്തിൽ കിട്ടിയിരുന്നു. ഇക്കൊല്ലം അഞ്ചുലക്ഷം ഫീസാക്കിയപ്പോൾ ഇത് 6.40 കോടിയായി കുറയും. ബി.പി.എല്ലുകാർക്ക് ഒരുകോളേജിൽ 75 ലക്ഷംവീതംസ്കോളർഷിപ്പും ഏർപ്പെടുത്തി*
>
> **- കെ.കെ.ശൈലജ**
> **ആരോഗ്യമന്ത്രി**

അഭിഭാഷക ക്ഷേമനിധിയിലെ ക്രമക്കേട് കണ്ടെത്താൻ വിജിലൻസ് അന്വേഷണം

കൊച്ചി: കേരള അഭിഭാഷക ക്ഷേമനിധിയിൽ ലക്ഷങ്ങളുടെ ക്രമക്കേടുകൾ കണ്ടെത്തിയതിനെത്തുടർന്ന് അക്കൗണ്ടന്റിനെ സസ്പെൻഡ് ചെയ്യാനും വിജിലൻസ് അന്വേഷണം നടത്താനും ക്ഷേമനിധി ട്രസ്റ്റംഗങ്ങളുടെ യോഗം തീരുമാനിച്ചു.

2007 മുതൽ 2010 വരെയുള്ള കണക്കുകൾ ആഡിറ്റ് ചെയ്തപ്പോൾ 69 ലക്ഷം രൂപയുടെ ക്രമക്കേടുകൾ കണ്ടെത്തി. തുടർന്നാണ് ട്രസ്റ്റംഗങ്ങൾ യോഗം ചേർന്ന് അക്കൗണ്ടന്റ് എം.കെ. ചന്ദ്രനെ സസ്പെൻഡ് ചെയ്യാൻ തീരുമാനിച്ചത്. അഭിഭാഷകർ നൽകുന്ന വരിസംഖ്യയിലും ക്ഷേമനിധി സ്റ്റാമ്പിൽ നിന്നുള്ള വരുമാനത്തിലുമാണ് തട്ടിപ്പുണ്ടായത്. കോടതികളിൽ അന്യായങ്ങൾ ഫയൽ ചെയ്യുമ്പോൾ ക്ഷേമനിധി സ്റ്റാമ്പ് പതിക്കണം. സ്റ്റാമ്പ് വിറ്റു കിട്ടുന്ന തുകയും ക്ഷേമ നിധിയിലേക്കാണ് പോകുന്നത്.

കേരള ബാർ കൗൺസിലിന്റെ മേൽനോട്ടത്തിലാണ് അഭിഭാഷക ക്ഷേമനിധി. കൗൺസിൽ ഭരണ സമിതിയുടെ കാലാവധി കഴിഞ്ഞതിനാൽ അഡ്വക്കേറ്റ് ജനറൽ ചെയർമാനായ മൂന്നംഗ സമിതിക്കാണ് ഇപ്പോൾ ചുമതല. പത്തു വർഷമായി ആഡിറ്റിംഗ് നടന്നില്ലെന്ന് കണ്ടാണ് ചാർട്ടേഡ് അക്കൗണ്ടന്റ് മുഖേന ആഡിറ്റ് നടത്തി ക്രമക്കേട് പുറത്തുകൊണ്ടുവന്നത്. ആഡിറ്റിംഗ് പൂർത്തിയാകുന്നതോടെ തട്ടിപ്പിന്റെ വ്യാപ്തി ഇതിലും കൂടും.